JAGRATHA 109

Vol -3 No: 34
09-10-2009

*Kerala Catholic Bishops' Council's*

**Commission for Social Harmony and Vigilance**

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# പ്രണയ മതതീവ്രവാദം; മാതാപിതാക്കൾ ജാഗരൂഗരാകണം

തീവ്രവാദത്തിന് പ്രണയത്തിന്റെ മുഖം നൽകി പുതിയൊരു യുദ്ധമുഖം തുറക്കുകയാണ് "ലൗജിഹാദ്," "റോമിയോ ജിഹാദ്" എന്നൊക്കെ അറിയപ്പെടുന്ന പ്രസ്ഥാനങ്ങൾ. (വിശുദ്ധയുദ്ധം- എന്നാണ് ജിഹാദിന് നൽകിയിരിക്കുന്ന വിശദീകരണം) യഥാർഥ മുസൽമാന് ഒരിക്കലും സഹോദരന് ദോഷകമാവുന്ന യാതൊരു പ്രവർത്തിയും ചെയ്യാൻ സാധിക്കില്ല. എന്നാൽ തീവ്രവാദത്തിന്റെ പുതിയ യുദ്ധമുഖങ്ങൾ അന്വേഷിക്കുന്ന യോദ്ധാക്കളുടെ മനസിലാണ് മതപരിവർത്തനത്തിലൂടെ ലോകത്ത് മുസ്ലിം ജനതയെ ഭൂരിപക്ഷത്തിലാക്കുക എന്ന യുദ്ധതന്ത്രം ഉരുത്തിരിഞ്ഞത്. ഇതിനായി പ്രണത്തിന്റെ മേൽക്കുപ്പായം അണിഞ്ഞ് കാമ്പസിൽ പ്രണയ പരാഗം പരത്തുക എന്നതായിരുന്നു ലൗജിഹാദികൾ സ്വന്തം മുദ്രാവാക്യമായി സ്വീകരിച്ചത്.

## ആസൂത്രിതമായ പ്രണയം; പ്രതികാരപൂർണമായ മതംമാറ്റം

പ്രണയം ഒരിക്കലും ആസൂത്രിതമല്ല. അതു സംഭവിച്ചുപോകുന്നതാണ്. ഇഷ്ടത്തിൽ നിന്നോ, താത്പര്യങ്ങളുടെ പൊരുത്തത്തിൽ നിന്നോ, അഭിരുചിയിൽ നിന്നോ, വ്യക്തിത്വത്തോടുള്ള ആരാധയിൽ നിന്നോ സംഭവിച്ചുപോകുന്നതാണ് പ്രണയം. കണ്ണും കാതുമില്ലാത്ത പ്രണയത്തിൽ ഭൗതിക സാഹചര്യങ്ങളെല്ലാം വിസ്മരിക്കപ്പെടാറുമുണ്ട്. എന്നാൽ 2005 മുതൽ ഇതുവരെയായി നാലായിരിത്തിലേറെ പെൺകുട്ടികൾ പ്രണയത്തിൽ കുരുങ്ങി മതം മാറ്റത്തിനു വിധേയമായിട്ടുണ്ടെങ്കിൽ അതിനു പിന്നിൽ ആസൂത്രിതമായി ചില ശ്രമങ്ങൾ ഉണ്ടാവും. അത്തരം അന്വേഷണം ചെന്നെത്തുന്നത് ഞെട്ടിപ്പിക്കുന്ന ചില വെളിപ്പെടുത്തലുകളിലേക്കാണ്. മംഗലാപുരത്ത് നഴ്സിംഗ് പഠനത്തിനുപോയിരുന്ന ക്രിസ്ത്യൻ - ഹൈന്ദവ പെൺകുട്ടികളെ പ്രണയത്തിൽ കുരുക്കി തങ്ങളുടെ ഒപ്പം ചേർത്താണ് "ലൗജിഹാദികൾ" തങ്ങളുടെ പ്രവർത്തനം ആരംഭിച്ചത്. കോട്ടയം, പത്തനംതിട്ട, തിരുവല്ല, ചെങ്ങന്നൂർ, പാലാ, മൂവാറ്റുപുഴ, കണ്ണൂരിന്റെ വിവിധ ഭാഗങ്ങൾ എന്നിവിടങ്ങളിൽ നിന്നെല്ലാം നഴ്സിംഗ് പഠനത്തിന് പോയ പെൺകുട്ടികൾ വ്യാപകമായ മതംമാറ്റത്തിനു ഇരയായി. ഇതിന്റെ ഫലമായി ഇവരെല്ലാം പാതിവഴിയിൽ പഠനം നിറുത്തുകയും ചെയ്തു. പതിനെട്ടു വയസു പിന്നിട്ടതിനാൽ കോടതിയിൽ ഇവരുടെ തീരുമാനങ്ങൾ ചോദ്യം ചെയ്യാനും സാധിക്കാതെയായി. വിളക്കും കെടുത്തി സ്വയം കരിഞ്ഞുവീഴുന്ന വണ്ടുകളുടെ അവസ്ഥയാണ് "ലൗജിഹാദി"ന്റെ പിടിയിൽപ്പെട്ട പെൺകുട്ടികളുടേതെന്ന് ഇരകൾപോലും തിരിച്ചറിയുന്നില്ല. എന്നാൽ തിരിച്ചറിവു വരുമ്പോഴേയ്ക്കും ഏറെ വൈകിപ്പോയിരിക്കും.

## കൃത്രിമായി ഒരുക്കുന്ന പ്രണയക്കുരുക്ക്

വളരെ ബോധപൂർവം പ്രണയത്തിന്റെ ഒരു കുരുക്ക് നിർമിച്ചെടുക്കുകയാണ് "ലൗജിഹാദി"കൾ ആദ്യം ചെയ്യുന്നത്. പ്രണയത്തിന്റെ ആദ്യസമയങ്ങളിൽ മാന്യമായി പെരുമാറ്റവും, ദൂഷ്യങ്ങളൊന്നുമില്ലാത്ത സ്വഭാവവും സമ്പന്നമായ വസ്ത്രധാരണവും ആഡംബരങ്ങളുടെയും പ്രലോഭനത്തിൽ പെൺകുട്ടികൾ വീണുപോകുകയാണ് പതിവ്. പ്രണയത്തിന്റെ അവസരത്തിലെല്ലാം പെൺകുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന ഡ്രസ് ധരിക്കുന്നതിനും സ്വാതന്ത്ര്യം അനുഭവിക്കുന്നതിനും സാഹചര്യമുണ്ട്. ഇഷ്ടപ്പെട്ട പുരുഷനോടൊത്തുള്ള ജീവിതം സ്വപ്നം കണ്ട് വീട്ടുകാരെ ഉപേക്ഷിച്ച് ഇറങ്ങിത്തിരിക്കുമ്പോഴാണ് തങ്ങളെ കാത്തിരിക്കുന്ന യാഥാർഥ്യം ഇവർ തിരിച്ചറിയുന്നത്. മതപരിവർത്തനം നടക്കുന്നതോടെ ഈ പെൺകുട്ടികൾ പർധയ്ക്കുള്ളിലേക്ക് മാറ്റപ്പെടുന്നു. ഇവർ അനുഭവിച്ചിരുന്ന എല്ലാവിധ സ്വാതന്ത്ര്യവും ഇല്ലാതാകുന്നു. പിന്നീട് ഇവർ "നരക ജീവിത"ത്തിന് ഇരയാക്കപ്പെടുന്നു. ഇവർ ലൈംഗീക പീഡനത്തിന് ഇരയാക്കപ്പെടുന്നു. ഇതിൽ പ്രകൃതിവിരുദ്ധ പീഡനങ്ങൾ വരെയുണ്ട്. തീവ്രവാദഗ്രൂപ്പുകളിൽപ്പെട്ടവരുടെയെല്ലാം ലൈംഗീകതാത്പര്യം സാധിക്കന്നതിനുള്ള ഉപകരണമായി മാറുന്നു. ആദ്യം തന്നെ ഇവരെ ബ്ലാക്ക്മെയിൽചെയ്യുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുന്നു. അശ്ലീലസിഡികളിൽ തളയ്ക്കപ്പെടുന്ന ഇവർക്ക് പിന്നീട് ഒരിക്കലും സമൂഹത്തിൽ സ്വാതന്ത്ര്യത്തോടെ ജീവിക്കാനാവില്ല. അതിനാൽ തന്നെ ഒന്നുകിൽ ആത്മഹത്യ അല്ലെങ്കിൽ അവരുടെ എല്ലാ ഇംഗിതങ്ങൾക്കും വിധേയമാകുക. മതപരിവർത്തനത്തിന് വിധേയമാക്കപ്പെട്ട പെൺകുട്ടിളിൽ തൊണ്ണൂറു ശതമാനം പേരും ഇത്തരത്തിലാണ് ജീവിക്കുന്നതെന്നാണ് അറിയപ്പെടുന്നത്. ഇതിന് മറ്റൊരു കാരണംകൂടിയുണ്ട്. തങ്ങളുടെ സ്വപ്നങ്ങളെല്ലാം തല്ലിക്കൊഴിച്ച്, എല്ലാവരെയും ഉപേക്ഷിച്ച്, ഒരുദിവസം പ്രേമത്തിന്റെ പേരിൽ മതംമാറിപ്പോകുന്ന പെൺകുട്ടിയെ വീട്ടുകാർ ഉപേക്ഷിക്കുന്നു. എല്ലെങ്കിൽ കണ്ണീരൊടെയെങ്കിലും അവളെ മറക്കുന്നു. "ലൗജിഹാദി"കൾ മതപരിവർത്തനത്തിന് വിധേയമാക്കിയ പെൺകുട്ടികളെക്കുറിച്ചറിയാന് വീട്ടുകാർക്കും താത്പര്യമില്ലാതാകുന്നു. അതിനാൽ തങ്ങൾക്ക് ഏർപ്പെട്ട സങ്കടങ്ങൾ ആരുമായും പങ്കിടാൻ ഇവർക്ക് സാധിക്കാതെ പോകുന്നു. മാത്രമുമല്ല വിവിഹവും മതപരിവർത്തനവും കഴിഞ്ഞതിനുശേഷം ഈ പെൺകുട്ടികൾ എവിടെയാണെന്നതിനെക്കുറിച്ച് ആർക്കുമറിയില്ല. ഇന്ത്യയിലെ വിവിധ മുസ്ലിം കേന്ദ്രീകൃത മേഖലകളിലാണ് ഇവർ താമസിക്കുന്നത്.

## പ്രണയ മത തീവ്രവാദികളുടെ ലക്ഷ്യവും പ്രവർത്തന രീതിയും

പ്രണയ മത തീവ്രവാദ പോരാളികൾക്ക് ലഭ്യമായിരിക്കുന്ന ചില നിർദേശങ്ങൾ ആരെയും ഞെട്ടിപ്പിക്കുന്നതാണ്. എളുപ്പത്തിൽ വശംവദരാകുന്ന മുസ്ലിം മതത്തിൽപെട്ടതല്ലാത്ത പെൺകുട്ടികളെ പ്രണയിച്ച് മതം മാറ്റണം. ഇതിന് സാധിച്ചില്ലെങ്കിൽ അവരെ മൊബൈൽ ഫോൺചിത്രങ്ങളെടുത്തും മറ്റും അനാശാസ്യത്തിലേക്ക് എത്തിക്കണം. സ്കൂൾ, കോളജ് വിദ്യാർഥികൾ മുതൽ വീട്ടമ്മമാർ പ്രഫഷണൽ എന്നിവരെയെല്ലാം ഇരകളായി കണക്കാക്കി ഓരോരുത്തരെയും എളുപ്പത്തിൽ വീഴിക്കുന്നതിനുള്ള മോഡസ് ഓപ്പറാണ്ടി കണ്ടെത്തണം. പ്രണയത്തിൽ ഏർപ്പെടുന്ന കോളജ് വിദ്യാർഥികൾക്ക് ബൈക്ക്, മൊബൈൽ ഫോൺ, ആഡംബര വസ്ത്രങ്ങൾ, ചെലവഴിക്കാനുള്ള പണം എന്നിവയെല്ലാം ലൗ ജിഹാദ് നൽകുന്നു. ഇതിനുള്ള പണം വിദേശ രാജ്യങ്ങളിൽ നിന്നും സമാഹരിക്കുന്നു. പെൺകുട്ടികളുമായി സല്ലപിക്കുന്നതിന് കൂൾബാർ, ഹോട്ടൽ, വീട് എന്നിവയെല്ലാം ലൗ ജിഹാദ് പ്രസ്ഥാനം ഒരുക്കി കൊടുക്കുന്നു. ഒരാഴ്ചയ്ക്കുള്ളിൽ ഒരു പെൺകുട്ടിയെ പ്രണയക്കുരുക്കിൽ വീഴ്ത്താൻ സാധിച്ചില്ലെങ്കിൽ ആ പെൺകുട്ടിയെ വിട്ട് മറ്റൊരു പെൺകുട്ടിയെ തേടുക.പെൺകുട്ടികളെ വലയിൽ വീഴ്ത്തുന്നതിനായി പ്രധാന വാർത്താ വിനിമയോപാധിയായ ഇന്റർനെറ്റ്, മൊബൈൽ, എന്നിവ ഉപയോഗിക്കുന്നു. വിദ്യാർഥിനികളുടെ ചെറിയ ആഗ്രഹങ്ങളും ആവശ്യങ്ങളും സാധിച്ചുകൊടുത്ത് അവരെ സ്വാധീനിക്കുന്നു. പഠനോപകരണങ്ങൾ, പരീക്ഷാഫീസ്, സമ്മാനങ്ങൾ, എന്നിവ നൽകി പെൺകുട്ടികളുടെ സ്നേഹവും വിശ്വാസവും പിടിച്ചുപറ്റുന്നു. തങ്ങൾ ആഗ്രഹിക്കുന്ന പെൺകുട്ടി പ്രണയ

ത്തിൽ വീണു എന്നുറപ്പായാൽ അവരെ വിനോദയാത്രയുടെ പേരിൽ ഹോട്ടലുകളിലും റിസോർട്ടുകളിലും എത്തിച്ച് ലൈംഗീക ബന്ധത്തിന് പ്രേരിപ്പിച്ച് അതെല്ലാം ചിത്രീകരിച്ച് ബ്ലാക്ക് മെയിലിംഗിനുള്ള അവസര മാക്കി മാറ്റുന്നു. വിവാഹ വാഗ്ദാനം നൽകി കൊണ്ടുപോകുന്ന പെൺകുട്ടികളെ ആദ്യം മതം മാറ്റത്തിനും പിന്നീട് മതപഠനത്തിനും അയയ്ക്കുന്നു. പൊന്നാന്നിയിലും കോഴിക്കോടും ഇത്തരം മതപരിവർത്തന കേന്ദ്ര ങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കോട്ടയത്തും കരുനാഗപ്പള്ളിയിലും കാസർഗോഡും മതപരിവർത്ത കേന്ദ്രങ്ങൾ എല്ലാ സജ്ജീകരണങ്ങളോടും കൂടി പ്രവർത്തിക്കുന്നു.

പ്രണയത്തിനായി ജീവിതം ബലികഴിച്ചുകഴിഞ്ഞാലും ഇവർക്ക് ജീവിതം ലഭിക്കുന്നില്ല എന്നതാണ് ഏറ്റവു ദയനീയമായ കാര്യം. മതപരിവർത്തനവും വിവാഹവും കഴിഞ്ഞാലും ഇവർ എത്തിപ്പെടുന്നത് തീവ്രവാദബ ന്ധമുള്ളവരുടെ ഗ്രൂപ്പിൽ എല്ലാവരുടെയും ലൈംഗീക പൂർത്തികരണത്തിനായി ബലികൊടുക്കപ്പെടുന്നു. ഇതിന് വിസമ്മതിക്കുകയോ എതിർക്കുകയോ ചെയ്യുന്നവരെ ക്രൂരമായി പീഡിപ്പിക്കുന്നു. ഇല്ലെങ്കിൽ പെൺവാണിഭ സംഘങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നു. അല്ലെങ്കിൽ യത്തീംഖാനകളിലും മതപഠന കേന്ദ്രങ്ങളിലും വേലക്കാ രികളായി പണിയെടുക്കേണ്ടിവരുന്നു.വീട്ടുകാരെ ധിക്കരിച്ചു പോന്നതിനാൽ അവരിൽ നിന്നുള്ള യാതൊരു വിധ സഹായവും ഈ പെൺകുട്ടികൾക്കു ലഭിക്കുന്നില്ല. അതിനാൽ ആരോടും പരാതി പറയാനും ഇവർക്കു സാധിക്കുന്നില്ല. തങ്ങളുടെ അവിവേകത്തെ പഴിച്ച്, കണ്ണീരുകൊണ്ട് സ്വയം സ്നാതിരായി ജീവിതം ജീവിച്ചു തീർക്കുക മാത്രമാണ് ഇവർക്കു മുന്നിലുള്ള ഏക പോംവഴി. വിവിധ സ്ഥലങ്ങളിൽ ലൗജിഹാദ് റോമിയോ കളെ എകോപിപ്പിക്കുന്നതിനും അവർക്ക് ധനസഹായവും മറ്റ് സഹായങ്ങളും എത്തിച്ചുകൊടുക്കുന്നതിനും ജില്ലാ അടിസ്ഥാനത്തിൽ ലൗ സോൺ ചെയർമാൻമാൻ പ്രവർത്തിക്കുന്നു. വിദേശത്തുനിന്നും ആറോളം ഫണ്ടിംഗ് ഏജൻസികളും ഇവർക്കായി പ്രവർത്തിക്കുന്നുണ്ട്.

## ഞെട്ടിപ്പിക്കുന്ന കണക്കുകൾ

വിവിധ ജില്ലകളിൽ നിന്നും 2006-2009 മുതൽ ''ലൗ ജിഹാദി''ന്റെ പിടിയിൽ അകപ്പെട്ടുപോയ പെൺകു ട്ടികളുടെ കണക്കുകൾ അമ്പരിപ്പിക്കുന്നതാണ്. ഇതിൽ കാണാതായ പല പെൺകുട്ടികളെക്കുറിച്ചും പോലീസ് കേസ് പോലും രജിസ്റ്റർ ചെയ്തിട്ടില്ല. പെൺകുട്ടിയുടെ മാതാപിതാക്കൾ പോലീസിൽ പരാതി കൊടുക്കാ ത്തതു കാരണമാണ് കേസ് രജിസ്റ്റർ ചെയ്യാനാവാത്തത്. മതംമാറ്റത്തിന് വിധേയമായി കുടുംബത്തിൽ നിന്ന് വിട്ടുപോയ പെൺകുട്ടി വരുത്തിവെയ്ക്കുന്ന അപമാനം, മറ്റു കുട്ടികളുടെ ഭാവി എന്നീ കാര്യങ്ങളെല്ലാം ഓർക്കുമ്പോൾ നഷ്ടപ്പെട്ട കുഞ്ഞാടിനെ തേടി അലയാൻ മാതാപിതാക്കൾ ശ്രമിക്കാറില്ല. മാതാപിതാക്കളുടെ മാനസികാവസ്ഥയേയും കുറ്റപ്പെടുത്താനാവില്ല. പോലീസിൽ കേസ് രജിസ്റ്റർ ചെയ്യാത്തതും ലൗ ജിഹാദികൾ നല്ല അവസരമായി എടുക്കുന്നു. 2006-2009 കാലഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ നിന്നും 216 പെൺകു ട്ടികളാണ് ലൗ ജിഹാദിന്റെ വലയിൽപ്പെട്ടത്. ഇതിൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടത് 26 മാത്രവും രക്ഷപെട്ടത് ആറു പെൺകുട്ടികൾ മാത്രവുമാണ്. കൊല്ലത്ത് 98 പെൺകുട്ടികൾ ഈ കാലയളവിൽ നഷ്ടപ്പെട്ടു. 34 കേസു കൾ രജിസ്റ്റർ ചെയ്യപ്പെട്ടു. ഏഴു പെൺകുട്ടികൾ രക്ഷപെട്ടു. ആലപ്പുഴയിൽ 78 പെൺകുട്ടികളാണ് ലൗ ജിഹാദ് വലയിൽപ്പട്ടത്. 22 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. അഞ്ചുപെൺകുട്ടികൾ രക്ഷപെട്ടു. പത്തനംതിട്ടയിൽ 87 പെൺകുട്ടികൾ ലൗജിഹാദിന്റെ വലയിൽപ്പെട്ടു. 36 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. 11പേർ തിരികെയെത്തി. ഇടുക്കിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടത് 156 പെൺകുട്ടികളുടെ തിരോധാനമാണ്. പതിനെട്ട് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. ഒമ്പതു പേർ തിരികെയെത്തി. കോട്ടയത്ത് 116 കേസുകൾ റിപ്പോർട്ടു ചെയ്യപ്പെട്ടു. 46 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. 13 പേർ തിരികെയെത്തി. എറണാകുളത്ത് 228 പെൺകുട്ടികളാണ് ലൗ ജിഹാദിന്റെ വല യിൽപ്പെട്ടത്. 52 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. ഇതിൽ 26 പെൺകുട്ടികൾ തിരികെയെത്തി. തൃശൂരിൽ 102 പെൺകുട്ടികളാണ് അപകടത്തിൽപ്പെട്ടത്. 41 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. ഇതിൽ പത്തൊമ്പത് പെൺകു

ട്ടികൾ തിരികെയെത്തി. പാലക്കാട് 111 പെൺകുട്ടികൾ ലൗ ജിഹാദികൾക്കൊപ്പം ഒളിച്ചോടിപ്പോയി. 19 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. ഒമ്പതു പേർ തിരികെയെത്തി. മലപ്പുറത്ത് 412 പെൺകുട്ടികളെയാണ് കാണാതായത്. 88 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. ഇതിൽ 31 കുട്ടികൾ തിരികെയെത്തി. കോഴിക്കോട് 364 പെൺകുട്ടികളെ കാണാതായി. 92 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. 29 പേർ തിരികെയെത്തി. കണ്ണൂർ ജില്ലയിൽ 312 പെൺകുട്ടികളാണ് ലൗ ജിഹാദിന്റെ വലയിൽപ്പെട്ടത്. ഇതിൽ 106 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. 27 പേർ തിരികെയെത്തി. കാസർഗോഡ് നിന്നും 586 പെൺകുട്ടികളെയാണ് "ലൗ ജിഹാദ്" വലയിൽ വീഴ്ത്തിയത്. ഇതിൽ 123 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. 68 പെൺകുട്ടികൾ തിരികെയെത്തി.

## മാതാപിതാക്കൾക്ക് ചെയ്യാനാവുന്നത്

മക്കളുടെ ഭൗതികാവശ്യങ്ങൾ സാധിച്ചുകൊടുക്കുന്നതുപോലെ തന്നെ ആത്മീയ സ്വഭാവരൂപവത്കരണത്തിലും മാതാപിതാക്കൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്. മക്കളുടെ സുഹൃദ്ബന്ധങ്ങളെക്കുറിച്ച് മാതാപിതാക്കൾ അറിഞ്ഞിരിക്കണം. മാതാപിതക്കളോട് എന്തും തുറന്നു പറയാനുള്ള സ്വാതന്ത്ര്യം കുട്ടികൾക്കുണ്ടാവണം. ചെറിയ വീഴ്ചകൾ പോലും മാതാപിതാക്കളോട് തുറന്നു പറയാൻ സാധിക്കുമെന്നും അതിനവർ ആകാശം ഇടിച്ചിടുന്നതുപോലെ പ്രതികരിക്കില്ലെന്നും സ്നേഹപൂർവം തങ്ങളെ തിരുത്തുമെന്നുമുള്ള വിശ്വാസം കുട്ടികൾക്കുണ്ടാവണം. ഏതു മതവിശ്വാസത്തിൽ ജീവിക്കുന്നവരായും ആ വിശ്വാസത്തിനനുസരിച്ച് സ്വഭാവരൂപീകരണം വീടുകളിൽ നിന്നുതന്നെ ആരംഭിക്കണം. പ്രാർഥനിയിലും ആരാധനാലയ സന്ദർശനത്തിലും കുടുംബപ്രാർഥനയിലും മക്കളെ ഒപ്പം ചേർത്തുപിടിക്കാനുള്ള ധാർമിക ഉത്തരവാദിത്വം മാതാപിതാക്കൾ മറന്നുകളയരുത്. മക്കളുടെ ഏറ്റവും വലിയ മാതൃക മാതാപിതാക്കളാണെന്ന കാര്യം ഒരിക്കലും വിസ്മരിക്കരുത്. മക്കൾക്ക് അരുതാത്ത ചിന്താരീതികളും ജീവിതരീതികളും മക്കൾക്കായി മാറ്റിവെയ്ക്കുക. ജീവിതത്തിലെ ഏറ്റവും വലിയ സമ്പാദ്യം മക്കളാളെന്ന കാര്യം ഒരിക്കലും മറക്കാതിരിക്കുക. വേദനിപ്പിക്കുന്ന, കണ്ണീരു കുടിപ്പിക്കാത്ത മക്കളെപ്പോലൊരു സമ്പാദ്യം ജീവിതത്തിൽ വേറെ സമ്പാദിക്കാനില്ല എന്നു മനസിലാക്കുക.

## ചില പ്രാക്ടിക്കൽ നിർദേശങ്ങൾ

കുട്ടികളുടെ മൊബൈൽ ഫോണിന്റെ ഉപയോഗം തീർച്ചയായും മാതാപിതാക്കളുടെ നിയന്ത്രണത്തിലായിരിക്കണം. ഇൻകമിംഗ്, ഔട്ട് ഗോയിംഗ് കോളുകൾ രക്ഷിതാക്കൾ നിരീക്ഷിക്കണം.ഐസ്ക്രീം പാർലർ, കൂൾ ബാറുകൾ ഇന്റർനെറ്റ് കഫേകൾ, ബീച്ച്, പാർക്ക് തീയറ്റർ മുതലായ സ്വകാര്യത കൂടിയ സ്ഥലങ്ങളിൽ സാമൂഹിക പ്രവർത്തകർ, രക്ഷിതാക്കൾ മുതലായവർ ശ്രദ്ധിക്കുകയും ആവശ്യമെങ്കിൽ ആരോഗ്യകരമായ രീതിയിൽ ചോദ്യം ചെയ്യുകയും വേണം.പെൺകുട്ടികളെ ചുറ്റിലുമുള്ള ചതിക്കുഴികളെക്കുറിച്ച് ബോധവത്കരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. പ്രത്യേകിച്ചും അമ്മമാർ. കമ്പ്യൂട്ടർ സിസ്റ്റം പൊതു ഉപയോഗമുള്ള മുറിയിൽ സ്ഥാപിക്കുക. ഇടയ്ക്കിടയ്ക്ക് കമ്പ്യൂട്ടർ ഉപയോഗം ഹിസ്റ്ററി പരിശോധിച്ച് ചെക്ക് ചെയ്യുക. അമിതമായി ഉറക്കമൊഴിയുക, സദാസമയവും മുറി അടച്ചിട്ടിരിക്കുക, കുടുംബാംഗങ്ങളിൽ നിന്ന് അകൽച്ച പാലിക്കുക എന്നിവ കൗമാരക്കാർ കാണിച്ചാൽ അവരെ കൂടുതലായി ശ്രദ്ധിക്കു. ഇങ്ങനെ നമുക്ക് നമ്മുടെ കുട്ടികളെ ചുറ്റും പതിയിരിക്കുന്ന ആപത്തുകളിൽ നിന്നും രക്ഷിക്കാം. നമ്മുടെ കുട്ടികളെ ശ്രദ്ധിക്കാൻ നമ്മൾ മാത്രമേയുള്ളൂ എന്ന കാര്യം പ്രത്യേകം ഓർമിക്കു. നമ്മുക്ക് ചുറ്റുമുള്ളവരൊക്കെ സംഭവിച്ച ആപത്തിൽ സഹതാപം പ്രകടിപ്പിക്കുന്നവർ മാത്രമായിരിക്കും. നമുക്ക് സംഭവിക്കുന്ന ആപത്തിൽ ആത്മാവിൽ തൊട്ട് കരയാൻ നമുക്ക് മാത്രമേ സാധിക്കൂ.

**ഫാ.ജോണി കൊച്ചുപറമ്പിൽ എം എസ്സ് റ്റി**
**സെക്രട്ടറി, കെസിബിസി സോഷ്യൽ ഹാർമണി & വിജിലൻസ് കമ്മീഷൻ**